# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*110 10.08.2017 ൽ മറുപടിക്ക്

## റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ചിറയം ഗോപകുമാർ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി. സി.കെ. ആശ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) നിലവിൽ റവന്യൂ വകുപ്പിൽ നിന്ന് നൽകുന്ന താഴെ പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നു.<br>1. ജാതി സർട്ടിഫിക്കറ്റ്<br>2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്<br>4. ബന്ധുത്വ സർട്ടിഫിക്കറ്റ്<br>5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്<br>6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്<br>7. വരുമാന സർട്ടിഫിക്കറ്റ്<br>8. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്<br>10. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്<br>11. സോൾവെൻസി സർട്ടിഫിക്കറ്റ്<br>12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>13. കൺവെർഷൻ സർട്ടിഫിക്കറ്റ്<br>14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്<br>15. അഗതി സർട്ടിഫിക്കറ്റ്<br>16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്<br>17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്<br>18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്<br>19. ലൈഫ് സർട്ടിഫിക്കറ്റ്<br>20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്<br>21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്<br>22. വാല്വേഷൻ സർട്ടിഫിക്കറ്റ്<br>23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്<br>24. മൈനോരിറ്റി സർട്ടിഫിക്കറ്റ്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ നല്കുന്ന ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി എത്രയാണെന്ന് അറിയിക്കുമോ; | (ബി) | 23.09.2008 ലെ ജി.ഒ(കൈ) നമ്പർ 318/08/റവന്യൂ പ്രകാരം പ്രത്യേക ആവശ്യത്തിനു വേണ്ടിയാണ് ജാതി സർട്ടിഫിക്കറ്റുകൾ നൽകി വന്നിരുന്നത്. എന്നാൽ 04.08.2017 ലെ ജി.ഒ (കൈ)264/17/റവ. പ്രകാരം ജാതി സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവ് പ്രത്യേക ആവശ്യത്തിന് മാത്രം എന്ന വ്യവസ്ഥ റദ്ദാക്കി മൂന്ന് വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് പഠനകാലത്ത് പലതവണ ജാതി സർട്ടിഫിക്കറ്റുകൾ നേടേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ഡി) | വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള ജാതി, നേറ്റിവിറ്റി, വരുമാന സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ; എങ്കിൽ ഇത് എന്നുമുതൽ നടപ്പാക്കാൻ കഴിയും എന്നറിയിക്കുമോ? | (ഡി) | വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി റവന്യൂ വകുപ്പിൽ നിന്ന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് പ്രത്യേക ആവശ്യത്തിന് മാത്രം എന്ന വ്യവസ്ഥ റദ്ദാക്കി 3 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് നിലവിൽ ആജീവനാന്തമാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് നിലവിൽ ഒരു വർഷമാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ഏതെങ്കിലും ഒരു പ്രത്യേക കോഴ്സിന് നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന് ആ കോഴ്സിന്റെ കാലാവധി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |

**സെക്ഷൻഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് -വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്കു സാധുതാകാലയളവ് നിശ്ചയിച്ചുത്തരവായത്- ജാതി സർട്ടിഫിക്കറ്റിൻെറ കാലാവധി 10 വർഷമെന്നത് പുന:നിശ്ചയിച്ച് പ്രത്യേകാവശ്യത്തിന് മാത്രം നൽകുന്നതിന് ഉത്തരവാക്കി ഭേദഗതിവരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

റവന്യൂ (ഗ്ഗി) വകുപ്പ്

ജി. ഒ. (കയ്യെ.) നമ്പർ 318/08/റവന്യൂ. തീയതി, തിരുവനന്തപുരം, 23.09.2008

==========================================================

പരാമർശം:- 1. സർക്കാർ ഉത്തരവ് (കയ്യെ) നം.136/07/ആർഡി തീയതി 27.04.2007
2. സർക്കാർ ഉത്തരവ (കയ്യെ) നം.351/07/ആർഡി തീയതി 01.10.2007

## ഉത്തരവ്

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമേ ഉപയോഗിയ്ക്കുവാൻ സാധിക്കുമായിരുന്നുള്ളു. പൊതുജനങ്ങൾക്ക് ഇതുമൂലം പലപ്രാവശ്യം വില്ലേജ്/താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെടേണ്ടിവന്നിരുന്നു. ഇത്, ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുകയും, അതിനെതുടർന്ന് പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്കു സാധുതാകാലയളവ് നിശ്ചയിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുന:ക്രമീകരിച്ചും ഉത്തരവാകുകയുണ്ടായി. ടി സർക്കാർ ഉത്തരവ് സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിൻെറ ഭാഗമായി ചില സ്പഷ്ടീകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ച് പരാമർശം 2ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

2 പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ജാതിസർട്ടിഫിക്കറ്റുകൾക്ക് കോടതിവിധി മൂലം മറിച്ച് തീരുമാനം ഇല്ലാത്തപക്ഷം 10വർഷം സാധുതാകാലയളവ് നിശ്ചയിച്ചിരുന്നു. ജാതി സർട്ടിഫിക്കറ്റിന് 10വർഷത്തെ കാലാവധി നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. പ്രസ്തുത നിവേദനങ്ങളിൽ ജാതിസർട്ടിഫിക്കറ്റിൻെറ കാലപരിധി 10വർഷമായി നിശ്ചയിച്ചിട്ടുള്ളത് റദ്ദുചെയ്യുന്നതിനും ;ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പുണ്ടായിരുന്ന സമ്പ്രദായം (അതായത്,പ്രത്യേക ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിന്;) തുടരുന്നതിന് അഭ്യർത്ഥിച്ചിരുന്നു.

contd....

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ/തഹസീൽദാർമാർ നൽകുന്ന ജാതിസർട്ടിഫിക്കറ്റുകൾക്ക് 10വർഷ കാലപരിധി ഇനി മേൽ ഉണ്ടായിരിക്കുന്നതല്ല എന്നും , പ്രസ്തുത സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം നൽകുന്നതാണ് എന്നും ഉത്തരവാകുന്നു.

4. പരാമർശം 1ലെയും 2ലെയും സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ആർ.കെ ക്ഷിതീശ്
ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
സെക്രട്ടറി,ലാന്റ് ബോർഡ്,തിരുവനന്തപുരം
എല്ലാവകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാകളക്ടർമാർക്കും, തഹസീൽദാർമാർക്കും
സെക്രട്ടറി, കേരളപബ്ലിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം (ആമുഖ കത്തുസഹിതം)
വിവര - പൊതുജനസമ്പർക്കവകുപ്പ് ഡയറക്ടർ(മാധ്യമങ്ങൾക്കുനൽകുന്നതിന്)
ധനകാര്യ നിയമവകുപ്പ് ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
മന്ത്രിമാർ, പ്രതിപക്ഷനേതാവ്,സർക്കാർ ചീഫ്‌വിപ്പ് എന്നിവരുടെ പ്രൈവറ്റ്സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി.) വകുപ്പ്
സംഭരണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്കു സാധുതാകാലയളവ് നിശ്ചയിച്ചുത്തരവായത് - ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നത് പ്രത്യേകാവശ്യത്തിന് എന്നതു പുനഃനിശ്ചയിച്ച് ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് 3 വർഷം എന്ന് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ(കൈ).നം. 264/2017/ആർ.ഡി. തീയതി, തിരുവനന്തപുരം, 04.08.2017

പരാമർശം: 1) സർക്കാർ ഉത്തരവ് (കൈ)നമ്പർ 136/2007/ആർ.ഡി. തീയതി 27/04/2007.
2) സർക്കാർ ഉത്തരവ് (കൈ)നമ്പർ 351/2007/ആർ.ഡി. തീയതി 01/10/2007.
3) സർക്കാർ ഉത്തരവ് (കൈ)നമ്പർ 318/2008/റവന്യൂ തീയതി 23/09/2008.

**ഉത്തരവ്**

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ.ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. പൊതുജനങ്ങൾക്ക് ഇതുമൂലം പലപ്രാവശ്യം വില്ലേജ്/താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെടേണ്ടിവന്നിരുന്നു. ഇത്, ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതിനെതുടർന്ന് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ചും ഉത്തരവാകുകയുണ്ടായി. ടി സർക്കാർ ഉത്തരവ് സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സ്പഷ്ടീകരണങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ച് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2) പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതി വിധി മൂലം മറിച്ച് തീരുമാനം ഇല്ലാത്തപക്ഷം 10 വർഷം സാധുതാകാലയളവ് നിശ്ചയിച്ചിരുന്നു. ജാതി സർട്ടിഫിക്കറ്റിന് 10 വർഷത്തെ കാലാവധി നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽ നിന്നും ലഭിച്ച നിവേദനങ്ങളിൽ ജാതി സർട്ടിഫിക്കറ്റിന്റെ കാലപരിധി 10 വർഷമായി നിശ്ചയിച്ചിട്ടുള്ളത് റദ്ദ് ചെയ്യുന്നതിനും, ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പുണ്ടായിരുന്ന സമ്പ്രദായം (അതായത്, പ്രത്യേക ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിന്) തുടരുന്നതിനും അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റുകൾക്ക് 10 വർഷം കാലപരിധി ഉണ്ടായിരിക്കുന്നതല്ല എന്നും സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനു വേണ്ടി മാത്രം നൽകുന്നതാണ് എന്നും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

3) ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് നിശ്ചയിക്കുന്ന കാര്യം ഒരു പ്രത്യേക കേസായി സർക്കാർ പുനഃപരിശോധിച്ചു. വില്ലേജ് ഓഫീസർമാരും തഹസിൽദാർമാരും നൽകുന്ന ജാതി സർട്ടിഫിക്കറ്റുകൾ പ്രത്യേകാവശ്യത്തിന് മാത്രം എന്ന വ്യവസ്ഥ റദ്ദാക്കി എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടെയും സാധുതാകാലയളവ് ഇനിമേൽ 3 വർഷം എന്ന് പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

പരാമർശം (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകൾക്ക് മേൽ ഭേദഗതി ബാധകമായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും, തഹസിൽദാർമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ (മാധ്യമങ്ങൾക്ക് നൽകുന്നതിന്)
ധനകാര്യ/നിയമ വകുപ്പ് ഉൾപ്പെടെ സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പൊതുഭരണ(എസ്.സി.)വകുപ്പ് ( 02.08.2017 തീയതിയിലെ ഇനം നമ്പർ 1275 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ ഡിവിഷൻ) ഐ& പി.ആർ. ഡിപ്പാർട്ട്മെന്റ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ